# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 660** **28.02.2018-ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി. കെ. ശശീന്ദ്രൻ<br>ശ്രീ.ആന്റണി ജോൺ<br>ശ്രീ.കെ. ബാബു<br>ശ്രീ.ഡി.കെ. മുരളി | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും പട്ടികവർഗ്ഗ വിഭാഗങ്ങളിലുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | എ) | സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും പട്ടികവർഗ്ഗ വിഭാഗങ്ങളിലുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും മികച്ച രീതിയിൽ വിദ്യാഭ്യാസം നടത്തുന്നതിനുമായി 'പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് സ്കീം' എന്ന പദ്ധതി മുഖേന വിദ്യാഭ്യാസ ആനുകൂല്യം വിതരണം ചെയ്തു വരുന്നു. ആയതിൽ സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുള്ളവർക്ക് സംസ്ഥാന സർക്കാരിന്റെ നിബന്ധനകൾ പ്രകാരമുള്ള വിദ്യാഭ്യാസ ആനുകൂല്യവും കേന്ദ്ര |

| | | | |
|---|---|---|---|
| | | | സർക്കാരിന്റെ വിദ്യാഭ്യാസ ആനുകൂല്യത്തിന് അർഹതയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ടി സ്കീമിന്റെ കേന്ദ്രസർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ചുള്ള അർഹമായ വിദ്യാഭ്യാസ ആനുകൂല്യവും നൽകി വരുന്നു.<br><br>സർക്കാരിന്റെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് അർഹതയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ സംസ്ഥാനത്തിനകത്ത് മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നതിന് വരുമാന പരിധിയില്ലാതെ മുഴുവൻ ഫീസും, വാർഷിക ലംപ്സംഗ്രാന്റും, പ്രതിമാസ സ്റ്റൈപ്പന്റും വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ഇ-ഗ്രാന്റ്സ് പദ്ധതി മുഖേന സമയബന്ധിതമായി നൽകി വരുന്നു. സർക്കാർ/സർവ്വകലാശാല അംഗീകരിച്ചിട്ടുള്ള എല്ലാ സ്ഥാപനങ്ങളിലും എല്ലാ കോഴ്സുകൾക്കും പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുന്നു.<br><br>കോളേജ് ഹോസ്റ്റലുകളിലും മറ്റ് അംഗീകൃത ഹോസ്റ്റലുകളിലും താമസിച്ച് പഠിക്കുന്നവർക്ക് പ്രതിമാസ സ്റ്റൈപ്പന്റിനു പകരം യഥാർത്ഥ താമസ ഭക്ഷണ ചെലവും പോക്കറ്റ് മണിയും നൽകുന്നു. സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ ഫീസിനത്തിൽ പരമാവധി 3500 രൂപ അനുവദിച്ച് വരുന്നു. സ്ഥാപനത്തിനോടൊപ്പം ഹോസ്റ്റൽ സൗകര്യമില്ലാത്തതും രണ്ടര ലക്ഷം രൂപയ്ക്ക് താഴെ കുടുംബ വാർഷിക വരുമാനമുള്ള |

വിദ്യാർത്ഥികൾക്ക് സ്വകാര്യ ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്നതിന് പ്രതിമാസം 3000/- രൂപ അനുവദിച്ച് നൽകുന്നുണ്ട്.

കൂടാതെ MBBS, B.VSc, Engineering , BAMS എന്നീ പ്രൊഫഷണൽ കോഴ്സുകൾക്ക് സർക്കാർ/ എയഡഡ് സ്ഥാപനങ്ങളിൽ പ്രവേശനം ലഭിച്ച പട്ടികവർഗ്ഗ വിദ്യാർത്ഥികൾ തോറ്റുപഠിക്കേണ്ടി വരുമ്പോൾ ഒരേ ക്ലാസിൽ 3 പ്രാവശ്യം റിപ്പീറ്റ്ചെയ്യുന്നതിന് ലംപ്സംഗ്രാന്റ് ഒഴികെയുള്ള ആനുകൂല്യം അനുവദിക്കുന്നുണ്ട്. ജനറൽ കോഴ്സുകൾക്ക് 3 പ്രാവശ്യം പരീക്ഷാഫീസ് മാത്രം അനുവദിച്ചു നൽകുന്നുണ്ട്. സ്വാശ്രയ മേഖലയിലെ എം.ബി.ബി.എസ് കോഴ്സുകൾക്ക് 3 പ്രാവശ്യം തോറ്റുപഠിക്കുന്നതിന് 50% നിരക്കിൽ ഫീസ് ആനുകൂല്യവും ലംപ്സംഗ്രാന്റ് ഒഴികെ മറ്റാനുകൂല്യങ്ങളും അനുവദിച്ചു നൽകുന്നുണ്ട്. പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് പ്രോജക്ട് അലവൻസും ഇന്റേൺഷിപ്പും അനുവദിക്കുന്നുണ്ട്.

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിജയശതമാനം വർദ്ധിപ്പിക്കുന്നതിനും കൊഴിഞ്ഞുപോക്ക് തടയുന്നതിനുമായി 11-ാം ക്ലാസിലും 12-ാം ക്ലാസിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അടുത്തുള്ള ട്യൂഷൻ സെന്ററിൽ ചേർന്ന് പഠിക്കുന്നതിലേക്കായി ട്യൂട്ടോറിയൽ ഗ്രാന്റ് നൽകുന്ന 'ട്യൂട്ടോറിയൽ ഗ്രാന്റ്' പദ്ധതി നടപ്പിലാക്കുന്നുണ്ട്. ടി പദ്ധതി മുഖേന എസ്.എസ്.എൽ.സി, +2 എന്നീ

| | | | |
|---|---|---|---|
| | | | പരീക്ഷകളിൽ പരാജിതരായ പട്ടികവർഗ്ഗ കുട്ടികൾക്ക് തോറ്റ വിഷയങ്ങൾ പഠിക്കുവാൻ ട്യൂഷൻ ഫീസ് നൽകുന്നുണ്ട്.<br><br>മെഡിക്കൽ / എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് (വാർഷിക വരുമാനം 40,000/- രൂപക്ക് താഴെ) പ്രാരംഭ ചെലവിനത്തിൽ 5,000/-രൂപ ധനസഹായം ആയി നൽകുന്നുണ്ട്.<br><br>അംഗീകൃത യൂണിവേഴ്സിറ്റികളിൽ/ സ്ഥാപനങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട പ്രൊഫഷണൽ കോഴ്സുകൾക്ക് പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മികച്ച രീതിയിൽ തുടർപഠനം നടത്തുന്നതിന് ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നുണ്ട്.<br><br>കൂടാതെ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കിടയിലെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി പ്രൊമോട്ടർമാർ വഴി വ്യാപകമായ ബോധവൽക്കരണം വകുപ്പ് നടത്തുന്നുണ്ട്. |
| ബി) | പ്രൊഫഷണൽ കോഴ്സുകളിൽ ചേർന്ന് പഠിക്കുകയും എന്നാൽ പരീക്ഷ വിജയിക്കാത്തവരുമായ ആയിരക്കണക്കിന് വിദ്യാർത്ഥികളുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | ഇവരെ പ്രത്യേകം പരിശീലിപ്പിച്ച് പരീക്ഷയ്ക്ക് പ്രാപ്തരാക്കുന്നതിന് പദ്ധതി തയ്യാറാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; ഇതിനായി ഊർജ്ജിത നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | സി) | പ്രൊഫഷണൽ കോഴ്സുകളിൽ ചേർന്ന് പഠിക്കുകയും എന്നാൽ പരീക്ഷ വിജയിക്കാതെ പഠനം നിർത്തിയ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ പ്രത്യേകം പരിശീലിപ്പിച്ച് പരീക്ഷയ്ക്ക് പ്രാപ്തരാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി ഇത്തരം വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ